കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16


# ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ- സി-5-387/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ-670 001
E-mail : lfaddistofficeknr@gmail.com
:doknr.ksad@kerala.gov.in
Phone: 0497 2707698

തീയതി:24.03.17

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന),
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം- കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)

3)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കണ്ണൂർ ജില്ല(ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്.

പി.പി.യു

നം കെ. എസ്. എ. കെ.എൻ.ആർ. /സി3-387/ 2017 തീയതി : 24.03.17

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ
ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആമുഖം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 24-08-2016 തീയ്യതി മുതൽ 04-03-2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ്നടത്തിയതിന്റെവിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.03.2017 മുതൽ 14.03.2017 വരെ. |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.കെ.വി സുരേഷ് ബാബു | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ചന്ദ്രി.കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കുമാരി.മിഥുചന്ദ്ര.സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈജ.എം | 01-04-2015മുതൽ 31-10-2015 വരെ |
| | ശ്രീ കുട്ടവൻ പത്മനാഭൻ | 19-11-2015മുതൽ31-03-2016 വരെ |

| | | |
|---|---|---|
| ഭരണനിർവഹണകമ്മറ്റി | രൂപികരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. | |
| സെക്രട്ടറി | ശ്രീമതി ടൈനി സൂസൺ ജോൺ | 01-04-2015മുതൽ 11-02-2016 FNവരെ |
| | ശ്രീമതി ആയിഷ | 11-02-16ANമുതൽ 22-02-2016 FN വരെ |
| | ശ്രീ.രാഗേഷ് എ.ടി | 22-02-16 AN മുതൽ 31-03-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സികൃൂട്ടിവ് എഞ്ചിനീയർ | ശ്രീ.കെ.എൻ ബിജോയ് (അഡീഷണൽ ചാർജ്) | 01-04-2015മുതൽ 30-11-2015വരെ |
| | ശ്രീ.മനോജ്കുമാർ അക്കോട്ടില്ലം | 01-12-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് ഡയരക്ടർ,കൃഷി | ശ്രീമതി.സിന്ധു എൻ പണിക്കർ | 01-04-2015മുതൽ 31-03-2016വരെ |
| ക്ഷീര വികസനഓഫീസർ | ശ്രീമതി സ്മിത മാരാർ | 01-04-2015മുതൽ 31-03-2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി വിമല.സി | 01-04-2015മുതൽ 31-03-2016വരെ |

| | | |
|---|---|---|
| സൂപ്രണ്ട് (ഓൾഡ് ഏജ് ഹോം) | ശ്രീ പവിത്രൻ | 01-04-2015മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി),അഴീക്കോട് | ഡോ:സന്തോഷ് | 01-04-2015മുതൽ 31-03-2016വരെ |
| ശിശുവികസനപ്രോജക്ട് ഓഫീസർ | ശ്രീമതി സുധ.എം | 01-04-2015മുതൽ 04-08-2015വരെ |
| | ശ്രീമതി ശോഭാകുമാരി.കെ.ജി | 05-08-15 മുതൽ 14-10-2015 വരെ |
| | ശ്രീമതി സുധ.എം | 15-10-2015മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി),പാപ്പിനിശ്ശേരി | ഡോ.ഷാഹിനബായ് | 01-04-2015മുതൽ 31-01-2016വരെ |
| | ഡോ.അനുജ.എ | 01-02-16 മുതൽ 23-02-2016 വരെ |
| | ഡോ.ഷാഹിനബായ് | 24-02-2016മുതൽ 31-03-2016വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം1 പൊതു അവലോകനം | | | |

| | | | |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷികധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ | |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം. | |
| 10 | 1-10 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| | | ഭാഗം-2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | 2-1 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല. | |

| | | | |
|---|---|---|---|
| | | ഭാഗം-3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | 3-1 | ഗ്രാമീണജനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വില്ലേജ് ഹാട്ട്- ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ തമ്മിലുള്ള ഉടമസ്ഥാവകാശ തർക്കം പരിഹരിക്കാതെ നിൽക്കുന്നു-43,55,472/-രൂപ മുടക്കി നിർമ്മിച്ച കെട്ടിടം നശിക്കുന്നു. | |
| 14 | 3-2 | അഴീക്കോട് ഗവൺമെന്റ് പ്രീമെട്രിക്ക് ഹോസ്റ്റൽ നിർമ്മാണം-പ്രവൃത്തി നിർവഹണത്തിലെ ഗുരുതരവീഴ്ച-പാർട്ട് ബിൽ നൽകിയ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു. 7,21,046/-രൂപ പാഴായി | |
| 15 | 3-3 | ബഡ്സ് സ്കൂൾ നിർമ്മാണം-പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്-പ്രവൃത്തി നിർവ്വഹണത്തിലുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കാതെ പൂർത്തികരണകാലാവധി നീട്ടി നൽകി. | |
| 16 | 3-4 | പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണം-ജില്ലാ പഞ്ചായത്ത് വിഹിതമായ 6ലക്ഷം രൂപ ലഭ്യമാക്കുന്നതിൽ വീഴ്ച-ബ്ലോക്ക് പഞ്ചായത്തിന് 6ലക്ഷം രൂപയുടെ അധികബാധ്യത | |

| | | | |
|---|---|---|---|
| 17 | 3-5 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയും മൂല്യവർദ്ധിതനികുതിയും കുറവ് ചെയ്തില്ല- കരാറുകാരന് അധികം നല്കിയ 8,994/-രൂപ ഈടാക്കേണ്ടതാണ്. | |
| 18 | 3-6 | പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയത് - നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല | |
| 19 | 3-7 | പ്രോജക്റ്റ് 33/16 പാപ്പിനിശ്ശേരി പരത്തി വളപ്പ് തോട് പാർശ്വഭിത്തി സംരക്ഷണം - പൂർത്തീകരണം വൈകിയത് - പിഴ ഈടാക്കാത്തത് സംബന്ധിച്ച്. | |
| 20 | 3-8 | കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചതിന്റെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. | |
| 21 | 3-9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ -രജിസ്റ്ററുകൾ ഹാജരാക്കിയില്ല. | |
| 22 | 3-10 | ഐഎവൈ ഭവനനിർമ്മണം-അപാകങ്ങൾ | |
| 23 | 3-11 | ഐഎവൈ ഭവനനിർമ്മാണം - ഭവനനിർമ്മാണം ഉപേക്ഷിച്ച ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തുക പിൻവലിച്ചത് - തുക തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | |

| | | | |
|---|---|---|---|
| 24 | 3-12 | വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ - പദ്ധതി നിർവഹണം -പൂർത്തിയാകാത്ത പദ്ധതികളുടെ ആവശ്യകതാ നിർണയം നടത്തി നീക്കിയിരിപ്പ് തുകകൾ തിരിച്ചടക്കേണ്ടതാണ്. | |
| 25 | 3-13 | വാഹനങ്ങളുടെ ഉപയോഗം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച. | |
| 26 | 3-14 | പാലിയേറ്റീവ് കെയർ പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ - ചെലവുരേഖകൾ ലഭ്യമാക്കിയില്ല – ചെലവുതുക 1,00,000/- തടസ്സപ്പെടുത്തുന്നു. | |
| 27 | 3-15 | പ്രോജക്റ്റുകൾ - മുൻഗണനാ മാനദണ്ഡം പാലിച്ചില്ല. | |
| 28 | 3-16 | വിവിധ പദ്ധതികൾ - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ക്രമപ്രകാരമല്ല. | |
| 29 | 3-17 | അംഗപരിമിതർക്കുള്ള മുച്ചക്രവാഹനം നൽകൽ - നടപടിക്രമങ്ങൾ പാലിച്ചില്ല - ചെലവുതുക 5,56,000/- തടസ്സപ്പെടുത്തുന്നു. | |
| 30 | 3-18 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല – ചെലവുതുക 11,99,000/- തടസ്സപ്പെടുത്തുന്നു. | |
| 31 | 3-19 | പച്ചക്കറി വിത്ത്, പച്ചക്കറി, തൈ വിതരണ രേഖകൾ ഹാജരാക്കിയില്ല. 15,000 രൂപ തടസ്സപ്പെടുത്തുന്നു. | |
| 32 | 3-20 | ആസ്പത്രി മാനേജിംഗ് കമ്മറ്റി കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ചകൾ | |

| | | | |
|---|---|---|---|
| | | | |
| 34 | 3-21 | ഭൂസ്വത്തുകളുടെ പരിപാലനത്തിൽ വീഴ്ചകൾ – നികുതി ഒടുക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ് | |
| | | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 35 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 37 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 38 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 39 | 4-6 | ഓഡിറ്റ് റിക്കവറി | |
| 40 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 41 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 42 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| 43 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 44 | അനുബന്ധം-2 | ബാലൻസ് ഷീറ്റ് | |

| | | | |
|---|---|---|---|
| 45 | അനുബന്ധം-3 | ഇൻകം&എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 46 | അനുബന്ധം-4 | റസീറ്റ് &പേയ് മെന്റ് സ്റ്റേറ്റ്മെന്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 25-02-2015 തീയതിയിലെ ബിപിഡി 113/14-15 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+),(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | രേഖപ്പെടുത്തിയിട്ടില്ല. | | | | |
| വരവ് | 8,74,75,700 | 6,58,87,150 | | 2,15,88,550 | (-)24.68 |
| ചെലവ് | 8,71,30,700 | 8,00,99,239 | | 70,31,461 | (-)8.07 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-07-2016 | 03-08-16 | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 10-03-17 | വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം (Qualified Certificate) |

വാർഷിക കണക്കിലെ അപാകതകൾ:

സ്ഥാപനത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഡെപ്പോസിറ്റ്, മുൻകൂർ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവ സംബന്ധിച്ച കണക്കുകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
2. 2014-15 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വാടകയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക 46,314/- രൂപയാണ്. എന്നാൽ 2015-16 വർഷത്തിൽ വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തത് 74,895/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.
3. ബി 11(എ) ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 0-ആണ്. എന്നാൽ 2015-16 വർഷത്തിൽ ഏതാനും പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്.
4. ബി 9 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ മേൽ തുകകൾ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല
5. ബി 11 (a) പ്രകാരമുള്ള ആസ്തികളുടെ മൂല്യനിർണയം നടത്തുന്നതിനാവശ്യമായ ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,12,30,778 |
| വരവ് | 6,58,87,150 |
| ആകെ | 9,71,17,928 |

| | |
|---|---|
| ചെലവ് | 8,00,99,239 |
| നീക്കിയിരിപ്പ് | 1,70,18,689 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 68,36,270 | 1,69,75,884 | 2,38,12,154 | 2,38,12,154 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 21,33,064 | 77,08,117 | 98,41,181 | 98,41,181 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 40,000 | 40,000 | 40,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 11,92,856 | 15,64,996 | 27,57,852 | 27,57,852 | 0 | 100 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 1,25,91,769 | 2,41,12,449 | 3,67,04,218 | 3,02,97,387 | 64,06,831 | 82.5 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 94 | 8,33,36,007 | 79 | 3,86,65,668 | 14 | 1 | 84 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| വർഷം | 2014-15 | 2015-16 | ശതമാനം |
|---|---|---|---|
| ഇനം | | | |
| നികുതി വരവുകൾ | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 3,05,443 | 3,62,504 | 18%അധികം |
| മറ്റുവരവുകൾ | 91,183 | 48,714 | 46.57% കുറവ് |
| ആകെ | 3,96,626 | 4,11,218 | 3.67%അധികം |

നികുതിയേതര വരുമാനത്തിൽ 2015-16 വർഷത്തിൽ വർദ്ധനവ് കൈവരിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-03-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനസമയത്ത് ക്യാഷ് നീക്കിയിരിപ്പില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.എം ഒ പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം ഒ പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ് , റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തിക വർഷകാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

## 1-10 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച.

06.08.2012 ലെ സ.ഉ.(കൈ) നം.212/12, 18.07.2013 ലെ സ.ഉ.(കൈ) നം.255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സചിത്ര സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തേണ്ടതും നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യപ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ കുറ്റമറ്റതാക്കാത്തത് വീഴ്ചയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

റോഡുകളുടെ നിർമ്മാണം-ഗ്രാമപഞ്ചായത്തുകൾക്ക് വിവരം കൈമാറിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തുന്ന ഗ്രാമപഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിലാണ് ഉൾപ്പെടുത്തേണ്ടത്.ഇതിനായി വിവരങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഒരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തുന്ന ഗ്രാമപഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02-03-2015മുതൽ 07-03-2015 വരെ | 2013-14 | ആർഡി.6/1881 /15(പി.എ)തീയതി 03-08-15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2010-11 | നമ്പർ-എൽ.ബി.എ(എച്ച്-ക്യു) 6/8എ-785/11-12/19തീയതി 08-06-12 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.

2015-16 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. ലഭിക്കേണ്ട തുക സംബന്ധിച്ച വിവരങ്ങളും തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മറുപടി നൽകിയിട്ടില്ല. ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമീണജനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വില്ലേജ് ഹാട്ട്- ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ തമ്മിലുള്ള ഉടമസ്ഥാവകാശ തർക്കം പരിഹരിക്കാതെ നിൽക്കുന്നു-43,55,472/-രൂപ മുടക്കി നിർമ്മിച്ച കെട്ടിടം നശിക്കുന്നു.

അഴീക്കോട് ഗ്രാമപഞ്ചായത്തിലെ കല്ലടത്തോട് എന്ന സ്ഥലത്ത് എസ്.ജി.എസ്.വൈ വിഹിതം 13,14,067/-, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 23,67,000/-,അഴീക്കോട് ഗ്രാമപഞ്ചായത്ത് വിഹിതം 6,74,705/-രൂപ ഉൾപ്പെടെ 43,55,472/-രൂപ ചെലവഴിച്ച് ഗ്രാമീണജനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള 19 മുറികളുള്ള വില്ലേജ് ഹാട്ട് നിർമ്മിക്കുകയും 16-06-2012 തീയതിയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തുകയുമുണ്ടായി.അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റി.സ 634/2 ൽ ഉൾപ്പെട്ട 19.5 സെന്റ് സ്ഥലത്ത് വില്ലേജ് ഹാട്ട് നിർമ്മാണത്തിന് സ്ഥലം നൽകുവാൻ തയ്യാറാണെന്ന അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 07-07-2009 ലെ 89/09(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയുമായി ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ട് പോയതും പദ്ധതി നിർവഹണം പൂർത്തിയാക്കിയതും. വില്ലേജ് ഹാട്ട് കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി കെട്ടിട നമ്പർ നൽകുന്നതിന് 04-07-12, 17-08-12, 14-06-2013 എന്നീ തീയതികളിൽ ബ്ലോക്ക് പഞ്ചായത്ത് അഴീക്കോട് ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകിയിട്ടും നാളിതുവരെയായി കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടില്ല. കെട്ടിട നമ്പർ അനുവദിക്കാതിരുന്നതിന്റെ കാരണവും ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുമില്ല. പിന്നീട് 11-07-2013 തീയതിയിൽ അസി.ഡെവലപ്മെന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്ത ജനപ്രതിനിധികളുടെയും

രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും യോഗത്തിൽ വില്ലേജ് ഹാട്ടിന് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും അവകാശവാദം ഉന്നയിക്കുകയുണ്ടായി. പ്രസ്തുത തീയതിയിലെ യോഗതീരുമാനപ്രകാരം വില്ലേജ് ഹാട്ട് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തികൊണ്ട് നിലവിലുള്ള 19 മുറികളിൽ 10 എണ്ണം ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശത്തിലും 09 എണ്ണം ഗ്രാമപഞ്ചായത്ത് കൈവശത്തിലും ആയി വിഭജിച്ച് ഉപയോഗിക്കുന്നതിന് തീരുമാനിക്കുകയും 15 ദിവസത്തിനുള്ളിൽ വിഷയത്തിൽ തീരുമാനമെടുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഉടമസ്ഥാവകാശം സംയുക്തമായി നിലനിർത്തി താൽക്കാലിക നമ്പർ നൽകുന്ന നിർദ്ദേശം സ്വീകാര്യമാണെന്ന് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് 04-07-16 ലാണ് തീരുമാനമെടുക്കുന്നത്. ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ തീരുമാനമെടുത്തുവോ എന്ന് വ്യക്തമാക്കിയിട്ടില്ല. കണ്ണൂർ ബ്ലോക്ക് പഞ്ചായത്തും പ്രസ്തുത ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അഴീക്കോട് ഗ്രാമപഞ്ചായത്തും തമ്മിലുള്ള അനാവശ്യവും ഒരിക്കലും ഉണ്ടാകുവാൻ പാടില്ലാത്തതുമായ അധികാരത്തർക്കം 43,55,472/-രൂപ മുടക്കി നിർമ്മിച്ച കെട്ടിടം നശിച്ചു പോകുവാൻ ഇടയാക്കിയിരിക്കുകയാണ്. പഞ്ചായത്തുകളെ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളായി വിഭജിച്ചത് ഭരണനിർവഹണം സുഗമമാക്കുന്നതിനാണ്. എന്നാൽ വില്ലേജ് ഹാട്ട് എന്ന കെട്ടിടത്തിൻ മേൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ തമ്മിൽ അധികാരത്തർക്കമുണ്ടായത് ഭരണനിർവഹണത്തെ ബാധിക്കുന്ന വിഷയമാണ്. ബ്ലോക്ക് പഞ്ചായത്തും അതിന്റെ അധികാരപരിധിയിലുള്ള ഗ്രാമപഞ്ചായത്തും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഉണ്ടായ അനാരോഗ്യകരമായ തർക്കം കഴിഞ്ഞ അഞ്ച് വർഷക്കാലമായി പരിഹരിക്കാതെ കിടക്കുന്നത് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങി ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള ഗ്രാമീണജനതയുടെ അവകാശം നിഷേധിക്കലാണ്. മാത്രവുമല്ല, തദ്ദേശ സ്ഥാപനത്തിന് പ്രതിവർഷം ലഭിക്കുമായിരുന്ന ലക്ഷക്കണക്കിന് രൂപയുടെ വരുമാനവും നഷ്ടപ്പെടുകയാണ്. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 13-03-2017 തീയതിയിൽ നടന്ന പരിശോധനയിൽ കെട്ടിടത്തിന്റെ ഷട്ടർ ഉൾപ്പെടെയുള്ള ഭാഗങ്ങൾ തുരുമ്പെടുത്ത് നശിക്കാൻ തുടങ്ങിയതായി കാണുകയുണ്ടായി. ആയതിനാൽ വില്ലേജ് ഹാട്ട് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുവാൻ ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-2** അഴീക്കോട് ഗവർമെന്റ് പ്രീമെട്രിക്ക് ഹോസ്റ്റൽ നിർമ്മാണം-പ്രവൃത്തി നിർവഹണത്തിലെ ഗുരുതരവീഴ്ച-പാർട്ട് ബിൽ നൽകിയ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു. **7,21,046/-**രൂപ പാഴായി

നിർവഹണം:അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

വികസനഫണ്ട് 15 ലക്ഷം രൂപ വകയിരുത്തി കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് 2008-09 വർഷത്തിൽ ആരംഭിച്ച അഴീക്കോട് ഗവ: പ്രീമെട്രിക്ക് ഹോസ്റ്റൽ കെട്ടിടനിർമ്മാണപ്രവൃത്തിയുടെ പ്രൊജക്ട് (43/09) ശ്രീ.കെ ഉണ്ണികൃഷ്ണൻ എന്ന കരാറുകാരനെയാണ് ടെണ്ടർ പ്രകാരം ഏൽപ്പിച്ചത്. 15-12-2008 ലെ കരാർ ഉടമ്പടി പ്രകാരം (4/08-09) പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 31-03-2010 ആണ്.പിന്നീട് 15-01-2012 വരെ കാലാവധി നീട്ടി നൽകുകയുണ്ടായി. പാർട്ട് ബില്ലായി കരാറുകാരന് 7,21,046/-രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ പാർട്ട് ബിൽ അനുവദിച്ച ശേഷം നടന്ന പ്രവൃത്തിയുടെ നിർവഹണത്തിൽ ഗുരുതരവീഴ്ചകൾ ഉണ്ടായതായി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിനെ തുടർന്ന് 16-05-2013

തീയതിയിലെ ബി.പി.സി നമ്പർ-5(3)2013-14 നമ്പർ തീരുമാനപ്രകാരം പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, പട്ടികജാതി വികസന ഓഫീസർ എന്നിവരടങ്ങുന്ന കമ്മറ്റി നടത്തിയ പരിശോധനയിൽ തേപ്പ് പണിയും താഴത്തെ നിലയിലെയും ഒന്നാമത്തെ നിലയിലെയും ഫ്ലോറിംഗ് പ്രവൃത്തികളും വളരെ മോശമായ രീതിയിലാണ് ചെയ്തതെന്ന് കണ്ടെത്തുകയുണ്ടായി. നിലവിലെ തേപ്പ് പണികളും ഫ്ലോറിംഗ് പ്രവൃത്തികളും പൊളിച്ചുകളഞ്ഞ് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തികൾ പുതുതായി ചെയ്ത് പൂർത്തിയാക്കുന്നതിനും കമ്മറ്റി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കരാറുകാരൻ പ്രസ്തുത നിർദ്ദേശം അവഗണിച്ച് ബ്ലോക്ക് പഞ്ചായത്തിന് എതിരെ കേസ് നൽകിയിരിക്കുകയാണ് .

2013-14 വരെ സ്പിൽ ഓവറായി ഉൾപ്പെടുത്തിയ മേൽ പ്രൊജക്ട് 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ഉപേക്ഷിച്ചതായി കാണുന്നു. പ്രൊജക്ട് ഉപേക്ഷിച്ചത് വഴി പാർട്ട് ബില്ലായി കരാറുകാരന് നൽകിയ 7,21,046/- രൂപ പാഴ്ചെലവായി മാറിയിരിക്കുകയാണ്. 13-03-2017 തീയതിയിൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടന്ന പരിശോധനയിൽ സ്ഥലപരിമിതി കൊണ്ട് ബുദ്ധിമുട്ടുന്ന പഴയ ഹോസ്റ്റലിന് സമീപത്ത് തന്നെ ഗുണനിലവാരമില്ലാതെ നിർമ്മിച്ച കെട്ടിടം നിരവധി വിദ്യാർത്ഥികൾ താമസിക്കുന്ന പഴയ ഹോസ്റ്റലിന് അപകടരമായ സാഹചര്യം ഉണ്ടാക്കുന്നതായി കണ്ടെത്തുകയുണ്ടായി. മാത്രവുമല്ല, പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കായി വാർഷിക പദ്ധതിയിൽ വലിയ തുക ചെലവഴിക്കേണ്ട സാഹചര്യവുമുണ്ടായി. പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക് 2015-16 വർഷത്തിൽ 3,29,382/-രൂപ ചെലവഴിക്കുകയുണ്ടായി.(പ്രൊ.നം-28/16).കരാറുകാരനെതിരെ നിയമ നടപടി സ്വീകരിച്ച് നഷ്ടമായ മുഴുവൻ തുകയും പലിശസഹിതം ഈടാക്കുവാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ബഡ്സ് സ്കൂൾ നിർമ്മാണം-പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്-പ്രവൃത്തി നിർവ്വഹണത്തിലുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കാതെ പൂർത്തികരണകാലാവധി നീട്ടി നൽകി.

നിർവഹണം:അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ച ആകെ കാലയളവിന്റെ 25% ദിവസങ്ങൾ പി.എ.സി. തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും, അടുത്ത 25% ദിവസങ്ങൾ പി.എ.സി തുകയുടെ 2% പിഴചുമത്തിക്കൊണ്ടും നിർവ്വഹിക്കുവാൻ കരാറുകാർക്ക് അനുമതി നൽകാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണത്തിന് നിശ്ചയിച്ച ആകെ കാലയളവിന്റെ 50 % സമയം ഇപ്രകാരം പിഴ ചുമത്തി പരമാവധി അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല.

പ്രവൃത്തിയുടെ പേര്- ബഡ്സ് സ്കൂൾ നിർമ്മാണം-പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ

പ്രോജക്ട് നം. 96/14,54/15,37/16

പ്രോജക്ട് കോസ്റ്റ്- 25,20,000/- (വികസനഫണ്ട്)-(റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം)

-24,00,000/-(ആദ്യ എസ്റ്റിമേറ്റ് പ്രകാരം)

ആകെ പ്രവൃത്തി മൂല്യം-24,99,443/-

പാർട്ട് ബിൽ- 13,48,867/-

ഫൈനൽ ബിൽ-11,50,576 /-(ബിൽ നമ്പർ-11/2015-16 തീയതി 31-10-15

കരാറുകാരൻ- ശ്രീ.കെ പ്രഭാകരൻ(എസ്റ്റിമേറ്റ് റേറ്റ്)

എം.ബുക്ക്- 01 /14-15,01A/14-15

സാങ്കേതികാനുമതി നമ്പർ- AEE/LSGD/KNR/497/15-16തീയതി 24-08-15(റിവൈസ്ഡ് എസ്റ്റിമേറ്റ് )

-AEE/LSGD/KNR/497/13-14തീയതി 27-01-14(ആദ്യ എസ്റ്റിമേറ്റ് )

പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി-21-05-2014

കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി- 21-11-2014

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 23-05-2015

21-05-2014 ന് ആരംഭിച്ച് 21-11-2014ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിന് ലഭിക്കുന്ന ആകെ ദിവസങ്ങൾ 185 ആണ്. എന്നാൽ 21-11-2014ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി പൂർത്തിയായത് 23-05-2015ന് ന് മാത്രമാണ്. ഇതനുസരിച്ച് 183 ദിവസത്തെ കാലതാമസം പ്രവൃത്തി പൂർത്തിയാക്കുവാൻ ഉണ്ടായിട്ടുണ്ട്. പൊതുമരാമത്തിന്റെ പുതുക്കിയ മാന്വൽ പ്രകാരം പ്രവൃത്തി പൂർത്തികരണത്തിനുള്ള കാലതാമസത്തിന് കരാറുകാരനിൽ നിന്നും താഴെപറയുംപ്രകാരം പിഴ ഈടാക്കേണ്ടതുണ്ട്.

ആദ്യത്തെ 25% സമയത്തിന് പി.എ.സി. തുകയുടെ 1% വും, രണ്ടാമത്തെ 25% സമയത്തിന് പി.എ.സി. തുകയുടെ 2% വും ഈടാക്കിയാണ് ഫൈനൽ ബിൽ അനുവദിക്കേണ്ടിയിരുന്നത്. ഈ പ്രവൃത്തിയുടെ കാലതാമസം പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന കാലയളവിന്റെ 50% ത്തിലും അധികമാണ്. എന്നാൽ പിഴയിനത്തിൽ തുകയൊന്നും ഈടാക്കാതെയാണ് പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക കരാറുകാരന് അനുവദിച്ചത്. കൂടാതെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള യഥാർത്ഥ കാലയളവിന്റെ 50 % അധികം സമയം ദീർഘിപ്പിച്ചു നൽകുന്നത് പൊതുമരാമത്ത് മാന്വൽ അനുസരിച്ച് അനുവദനീയമല്ലാതിരിക്കെ ഈ പ്രവൃത്തിക്ക് 50 % അധികം സമയം ദീർഘിപ്പിച്ചു നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (കരാറുകാരന്റെ 06-08-14 ലെ കത്ത് പ്രകാരം 31-03-2015 തീയതി വരെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുവാനാണ് കരാറുകാരൻ അപേക്ഷിച്ചിരുന്നത്.എന്നാൽ പ്രസ്തുത അപേക്ഷ പ്രകാരം ഗ്രാമപഞ്ചായത്ത് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയതായി കാണുന്നില്ല.)

പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് ക്രമപ്രകാരമല്ല. പ്രവൃത്തി നിർവഹണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ബഡ്സ് സ്കൂൾ പ്രവർത്തനം തുടങ്ങിയില്ല -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 28-09-2015 തീയതിയിലെ 78/15-16 നമ്പർ തീരുമാനപ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് പ്രസ്തുത കെട്ടിടം കൈമാറുവാൻ തീരുമാനിക്കുകയുണ്ടായി.ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 13-03-2017 തീയതിയിൽ നടന്ന പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ ഇതുവരെയായി ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചതായി കാണുന്നില്ല. കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടിയുള്ള പ്രൊജക്ട് ലക്ഷ്യം കൈവരിക്കാത്തത് ഉചിതമായ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രൊജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ 24,99,443/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണം-ജില്ലാ പഞ്ചായത്ത് വിഹിതമായ 6ലക്ഷം രൂപ ലഭ്യമാക്കുന്നതിൽ വീഴ്ച-ബ്ലോക്ക് പഞ്ചായത്തിന് 6ലക്ഷം രൂപയുടെ അധികബാധ്യത

നിർവഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

പ്രവൃത്തിയുടെ പേര്- പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണം

പ്രോജക്ട് നം. 89/15,45/16,88/17

പ്രോജക്ട് കോസ്റ്റ് - 28,45,000- (വികസനഫണ്ട്-20,45,000/-,ഗ്രാമപഞ്ചായത്ത് വിഹിതം-2,00,000/-,ജില്ലാ പഞ്ചായത്ത് വിഹിതം-6,00,000/-)

സാങ്കേതികാനുമതി നമ്പർ-AEE/LSGD/KNR/351/15-16തീയതി 04-03-16(റിവൈസ്ഡ് എസ്റ്റിമേറ്റ് )

ആകെ പ്രവൃത്തി മൂല്യം-28,45,000/-

1പാർട്ട് ബിൽ- 17,44,413(ബിൽ നമ്പർ-12/15-16 തീയതി 01-12-15)

2പാർട്ട് ബിൽ- 3,00,587(ബിൽ നമ്പർ-34/15-16 തീയതി 31-03-16)

31-03-2016 നകം പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും ഫൈനൽ ബിൽ 2016-17 ലാണ് നൽകിയത്.

കരാറുകാരൻ- ശ്രീ.കെ അനീസ്

ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയായ 6 ലക്ഷം രൂപ ലഭിക്കാത്തതിനാൽ പ്രസ്തുത തുക 2016-17 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും നൽകിയാണ് കരാറുകാരനുള്ള ബാധ്യത തീർപ്പാക്കിയത്. പ്രസ്തുത പ്രൊജക്ടിന് ജില്ലാപഞ്ചായത്ത് വിഹിതം നഷ്ടപ്പെടാനിടയാകുകയും ഇക്കാരണത്താൽ ബ്ലോക്ക് പഞ്ചായത്തിന് 6 ലക്ഷം രൂപയുടെ അധിക സാമ്പത്തികബാധ്യതയുണ്ടായതായും കാണുന്നു.

ബഡ്സ് സ്കൂൾ കെട്ടിടം കാട്ടു മൂടി കിടക്കുന്നു.

നിർമ്മാണം പൂർത്തിയായ കെട്ടിടം ഇതുവരെയായും പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന് (നിലവിൽ കണ്ണൂർ കോർപ്പറേഷൻ) കൈമാറി ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 13-03-2017

തീയതിയിൽ നടന്ന പരിശോധനയിൽ പ്രസ്തുത കെട്ടിടം കാട്ടുമൂടി കിടക്കുന്നതായി കാണപ്പെട്ടു. കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടിയുള്ള പ്രൊജക്ട് ലക്ഷ്യം കൈവരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ 2015-16 വർഷത്തിലെ 20,45,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-5** റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയും മൂല്യവർദ്ധിതനികുതിയും കുറവ് ചെയ്തില്ല-കരാറുകാരന് അധികം നല്കിയ **8,994/-**രൂപ ഈടാക്കേണ്ടതാണ്.

നിർവഹണം:അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

2015-16 സാമ്പത്തികവർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെപ്പറയുന്ന റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയും മൂല്യവർദ്ധിതനികുതിയും കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയതിനാൽ അധികചെലവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് വിവരം | ബിൽ നമ്പർ/തീയതി, തുക | ബാരൽ എണ്ണം | ബാരൽ വില (@238/ ബാരൽ) | മൂല്യവർദ്ധിത നികുതി(14.5%) | ആകെ |
|---|---|---|---|---|---|---|
| 1 | കടപ്പുറം റോഡ്-വാസുലാൽ കമ്പനി റോഡ് റീടാറിംഗ്(13/16)<br>അടങ്കൽ - 650000(വി.ഫ)<br>കരാറുകാരന്റെ പേര്:ബാലകൃഷ്ണൻ.പി<br>എം.ബുക്ക് - 10/15-16 | 18/15-16തീയതി<br>15-2-16<br>5,62,696/-രൂപ | 14 | 3,332 | 483 | 3,815 |
| 2 | സതേൺവാലി റോഡ് -റെയിൽവെസ്റ്റേഷൻ റോഡ് റീടാറിംഗ് (14/16)<br>620000(വി.ഫ)<br>കരാറുകാരന്റെ | 17/15-16തീയതി<br>15-2-16-<br>5,14,975/-രൂപ | 19 | 4,522 | 657 | 5,179 |

| | | | | | | |
|---|---|---|---|---|---|---|
| | പേര്:ഇ.പി ചന്ദ്രൻ<br>എം.ബുക്ക് -13/15-16 | | | | | |
| | ആകെ | | 33 | 7,854 | 1,140 | 8,994 |

കരാറുകാർക്ക് അധികം നൽകിയ 8,994/-രൂപയുടെ ചെലവ് അനുവദനീയമല്ല. 8,994/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയത് - നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനീയർ,

പ്രോജക്റ്റ്- കാട്ടാമ്പള്ളി കോളനി കുടിവെള്ള പദ്ധതി

അടങ്കൽ - 9,80,000

കരാറുകാരൻ - എം.മോഹനൻ, എസ്റ്റിമേറ്റ് നിരക്കിൽ

എഗ്രിമെന്റ് തീയതി - 15-04-2013

പൂർത്തീകരണ കാലാവധി - 6 മാസം

പൂർത്തീകരിച്ച തീയതി-30-03-2015

എം ബുക്ക് - 12/13-14,7/14-15

ചെലവ് - 47,793/(2015-16)

ഡി.ഡി നമ്പർ/തീയതി 307259/17-07-2015

കാട്ടാമ്പള്ളി കോളനിയിൽ കുഴൽകിണർ കുഴിച്ച് പമ്പ് ഹൗസ്,മോട്ടോർ എന്നിവ സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 2013 വർഷത്തിൽ തയ്യാറാക്കിയ മേൽ പദ്ധതിയുടെ കരാർ വ്യവസ്ഥകൾ പ്രകാരം പൂർത്തീകരണ കാലാവധി 6 മാസമാണ്. ഇതു പ്രകാരം പ്രവൃത്തി 14-10-13 ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരന്റെതല്ലാത്ത കാരണത്താൽ നിശ്ചിത സമയം പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പൂർത്തീകരണ കാലാവധി 19-2-15 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 30-03-2015 ന് മാത്രമാണ്. ഫൈനൽ ബിൽ നൽകുന്ന അവസരത്തിൽ ബില്ലിൽ നിന്നും 2,500/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.പിഎസിയുടെ 1% നിരക്കിൽ (8415991%) 8,416/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതാണെങ്കിലും 2,500/- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിൽ വരവു വെക്കേണ്ടതാണ്.

## 3-7 പ്രോജക്റ്റ് -33/16 പാപ്പിനിശ്ശേരി പരത്തി വളപ്പ് തോട് പാർശ്വഭിത്തി സംരക്ഷണം - പൂർത്തീകരണം വൈകിയത് - പിഴ ഈടാക്കാത്തത്

**<u>സംബന്ധിച്ച്.</u>**

അടങ്കൽ - 10,00,000 (വി.ഫ)

കരാറുകാരൻ - സ്വരൂപ് കൊക്കേൻ (7.79% കുറവ്)

എഗ്രിമെന്റ് തീയതി - 1-01-15

പൂർത്തീകരണ കാലാവധി - 3മാസം

പൂർത്തീകരിക്കേണ്ട തീയതി-31-03-15

പൂർത്തീകരിച്ച തീയതി - 15-05-15

എം ബുക്ക് - 20/14-15

ചെലവ് - 9,17,651/-

മേൽ പദ്ധതിയുടെ കരാർ വ്യവസ്ഥകൾ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണ്. ഇതു പ്രകാരം പ്രവൃത്തി 31-3-15 ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 15-5-15 ന് മാത്രമാണ്. കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ അപേക്ഷിച്ചതിന്റെയോ കാലാവധി ദീർഘിപ്പിച്ച നൽകിയതിന്റെയോ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണം വൈകിയതിന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടുമില്ല.

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് കരാറകാരന്റെതല്ലാത്ത കാരണത്താലുള്ള പൂർത്തീകരണമാകാത്തതിന് അസി.എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ (അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തീകരണകാലാവധിയുടെ 50%ൽ അധികരിക്കാൻ പാടില്ല.

മേൽ പ്രവൃത്തിയിൽ 45 ദിവസം വൈകിയാണ് പ്രവൃത്തി പൂർത്തിയാക്കിയത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വൈകിയതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.നിയമാനുസൃതം ഈടാക്കേണ്ട പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 <u>കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചതിന്റെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല.</u>

നിർവഹണം:അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് ആദായനികുതി, മൂല്യവർദ്ധിത നികുതി എന്നിവ ട്രഷറിയിൽ നിന്നും ബന്ധപ്പെട്ട അക്കൗണ്ട് ഹെഡുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നുണ്ടെങ്കിലും കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഡിമാന്റ് ഡ്രാഫ്റ്റായി മാറ്റിയ ശേഷം കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടക്കുകയാണ് ചെയ്യുന്നത്. ട്രഷറി യിൽ നിന്നും ബിൽ മാറിയ ദിവസം തന്നെ ഡിമാന്റ് ഡ്രാഫ്റ്റ് കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടക്കാതെ പത്തോ പതിനഞ്ചോ പ്രവൃത്തികളിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ഒന്നിച്ച്

അടക്കുകയാണ് പതിവ്. ഇപ്രകാരം ഡിമാന്റ് ഡ്രാഫ്റ്റാക്കി മാറ്റിയ ശേഷം ഏകദേശം രണ്ടോ രണ്ടിലധികമോ മാസത്തെ കാലതാമസം തുക അടവാക്കുന്നതിലുണ്ടാകുന്നുണ്ട്. എന്നാൽ ഇപ്രകാരം കൈവശം വയ്ക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകളുടെ വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെ ഡിമാന്റ് ഡ്രാഫ്റ്റാക്കി മാറ്റിയ തുകകൾ കൈവശം വെച്ചത് ക്രമപ്രകാരമല്ല. ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെ തുക അടവാക്കുന്നതിനാലും അടച്ച തുകക്കുള്ള രസീത് പരിശോധനക്ക് ലഭ്യമല്ലാത്തതിനാലും കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതം ഈടാക്കി അടച്ചതിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല. 2015-16 വർഷത്തെ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി രസീതുകൾ ഓരോ മരാമത്ത് പ്രവൃത്തികളുടെ ക്രമത്തിൽ ലിസ്റ്റാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

സർക്കാരിന്റെ 12-04-2006 തീയതിയിലെ GO(P) 177/2006 FIN നമ്പർ ഉത്തരവ് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. (ഖണ്ഡിക-കാണുക) താഴെപ്പറയുന്ന രജിസ്റ്ററുകളും റിപ്പോർട്ടുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.പ്രോജക്ട് രജിസ്റ്റർ

2.പൂർത്തീകരണപത്രം

3.ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ

4.ടെണ്ടർ സെയിൽ രജിസ്റ്റർ

5.സർക്കാരിലേക്ക് അടക്കുവാനുള്ള തുകകൾ സംബന്ധിച്ച രജിസ്റ്റർ

6.വർക്ക് ബിൽ രജിസ്റ്റർ

7.മെഷർമെന്റ് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

8.മുൻകൂർ രജിസ്റ്റർ

9.മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട്.

## 3-10 ഐഎവൈ ഭവനനിർമ്മാണം-അപാകങ്ങൾ

1) ഐഎവൈ ഭവനിർമ്മാണം - രേഖകൾ പൂർണ്ണമല്ല.

ഐഎവൈ ഭവനനിർമ്മാണ പദ്ധതിക്ക് വേണ്ടി ലഭിച്ച ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതങ്ങളും സംസ്ഥാനസർക്കാർ വിഹിതവും കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ 3509 ലും, സെൻട്രൽ ഷെയർ 6179-ാം നമ്പർ അക്കൗണ്ടിലുമാണ് സൂക്ഷിച്ചിട്ടുള്ളത്. 3509 നമ്പർ അക്കൗണ്ടിൽ 20,33,369/- രൂപയും 6179 -ാം നമ്പർ അക്കൗണ്ടിൽ 34,14,660/- രൂപയും 31-3-16 തീയതിയിൽ

നീക്കിയിരിപ്പുണ്ട്. എന്നാൽ എത്ര വീടുകൾക്ക് വേണ്ടി ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര തുക ലഭിച്ചിട്ടുണ്ട് എന്നോ, ഭവനനിർമ്മാണം പൂർത്തിയാക്കാൻ എത്ര തുക ആവശ്യമുണ്ട് എന്നോ ഉള്ള കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കൾക്ക് നൽകേണ്ടുന്ന തുക കണക്കാക്കി ആവശ്യമില്ലാത്ത തുക ആയത് നൽകിയ സ്ഥാപനങ്ങൾക്ക് തിരികെ നൽകി സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2) ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഐ എ വൈ ഭവനനിർമ്മാണ പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങൾക്കായി ആകെ 618 വീടുകൾ നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 28-2-17 ലെ കണക്കുകൾ പ്രകാരം 531 ഭവനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.ഇതിൽ 2011-12 വർഷത്തിൽ അനുവദിച്ച 1 വീട്, 2013-14 വർഷത്തിലെ 6 വീടുകൾ, 2014-15 വർഷത്തിലെ 4 വീടുകൾ 2015-16 വർഷത്തിലെ 73 വീടുകൾ, 2016-17 വർഷത്തിലെ 3 വീടുകൾ എന്നിവ ഉൾപ്പെടെ 87 ഭവനങ്ങൾ പൂർത്തിയാക്കാൻ ബാക്കിയുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. )ഐഎവൈ പദ്ധതിക്കുള്ള സംസ്ഥാന വിഹിതം പൂർണ്ണമായും ലഭ്യമായില്ല.

ഐ എവൈ പദ്ധതിക്ക് വേണ്ടി സംസ്ഥാന സർക്കാർ വിഹിതമായി ഒരു ഗുണഭോക്താവിന് 50000/- രൂപ നിരക്കിൽ സംസ്ഥാനവിഹിതം ലഭിക്കേണ്ടതുണ്ട്. നിലവിൽ 303 ഗുണഭോക്താക്കളുടെ വിഹിതമിനത്തിൽ 1,51,50,000/- രൂപ ലഭിക്കാനുള്ളതിൽ 205 പേരുടെ വിഹിതമായ 1,02,50,000/- രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി 49,00,000/- രൂപ ലഭിക്കാനുണ്ട്.സംസ്ഥാനവിഹിതംകൂടി ലഭ്യമാക്കി ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## **3-11** <u>ഐഎവൈ ഭവനനിർമ്മാണം - ഭവനനിർമ്മാണം ഉപേക്ഷിച്ച ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തുക പിൻവലിച്ചത് - തുക തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല</u>

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി,

പ്രോജക്റ്റ് 4/16,99/16,ഐഎവൈ(പട്ടികജാതി)

മേൽ പ്രോജക്റ്റ് പ്രകാരം എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണത്തിനുള്ള ആദ്യഗഡുവായി 17,500/- രൂപ വീതം കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കൈപ്പറ്റിയ ഒന്നാംഗഡു തുകയായ 17,500/- വീതം എസ് ബി ടി തിരുവനന്തപുരത്തിന്റെ നം.67331730331 അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഇതേ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് വിഹിതമായി നൽകുന്നതിന് താഴെക്കാണിച്ച പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക പ്രസ്തുത ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | ഗുണഭോക്താവിന്റെ | ഗുണഭോക്താവിന് |
|---|---|---|

| | | |
|---|---|---|
| | പേര്/ഗ്രാമപഞ്ചായത്ത് | നൽകാനായി പിൻവലിച്ചതുക |
| 15/15-16,27-1-16, 1280000/- | ലിജിഷ പി (പള്ളിക്കുന്ന്) | 32,000 |
| | അജിത.വി (പാപ്പിനിശ്ശേരി) | 32,000 |
| | ബിന്ദു.കെ.പി (പാപ്പിനിശ്ശേരി) | 32,000 |
| | രത്നേശ്വരി (പാപ്പിനിശ്ശേരി) | 32,000 |
| 27/15-16,31-3-16 352000/- | റാണി.പി (ചിറക്കൽ) | 32,000 |
| | ഓമന.കെ (ചിറക്കൽ) | 32,000 |
| | വിപ്ന.കെ (പള്ളിക്കുന്ന്) | 32,000 |
| | കുമാരി.കെ (ചിറക്കൽ) തുകയൊന്നും തന്നെ കൈപ്പറ്റിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) | 32,000 |
| 32/15-16,31-3-16 16,00,000/- | റീന.എം (ചിറക്കൽ) | 50,000 |

| | | |
|---|---|---|
| | | |
| | ലിജിഷ.പി(പള്ളിക്കുന്ന്) | 50,000 |
| | അജിത.വി (പാപ്പിനിശ്ശേരി) | 50,000 |
| | രത്നേശ്വരി (പാപ്പിനിശ്ശേരി) | 50,000 |

ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ച മേൽതുക സഞ്ചിത നിധിയിലേക്ക് (ഐഎവൈ അക്കൗണ്ടിലേക്ക്) തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക തിരിച്ചടക്കാത്ത സാഹചര്യത്തിൽ ചെലവു തുക 4,56,000 തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്താക്കൾ ഭവനനിർമ്മാണം ഉപേക്ഷിച്ചതിനാൽ തുക തിരിച്ചടക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിശദീകരണത്തിന്റെ അഭാവത്തിൽ 4,56,000/- തടസ്സപ്പെടുത്തുന്നു.

## **3-12** <u>വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ - പദ്ധതി നിർവഹണം -പൂർത്തിയാകാത്ത പദ്ധതികളുടെ ആവശ്യകതാ നിർണയം നടത്തി നീക്കിയിരിപ്പ് തുകകൾ തിരിച്ചടക്കേണ്ടതാണ്.</u>

2015-16 വർഷത്തെ ബാലൻസ് ഷീറ്റ് (B4ഷെഡ്യൂൾ) പ്രകാരം ബ്ലോക്ക്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നീക്കിയിരിപ്പ് |
|---|---|
| എസ്ജിഎസ് വൈ | 1,89,867 |
| ഐഎവൈ ജനറൽ | 33,56,086 |

| | |
|---|---|
| ഐഎവൈ എസ് സിപി | 1,70,458 |
| ടിഎസ് സി | 5,18,085 |
| ഐസിഡിഎസ്(കേന്ദ്രഫണ്ട്) | 4,60,429 |
| പ്രത്യേകഉദ്ദേശ്യം(കേന്ദ്രഫണ്ട്) | 37,000 |
| സാക്ഷരതാഗ്രാന്റ് | 63,391 |
| കേരളോത്സവം | 60,000 |
| മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ചത് | 5,643 |
| സംയുക്ത പ്രോജക്റ്റ് (ഗ്രാമപഞ്ചായത്ത്, കാപ്പിറ്റൽ ചെലവ്) | 3,25,595 |
| സംയുക്തപ്രോജക്റ്റ് (ജില്ലാപഞ്ചായത്ത്, കാപ്പിറ്റൽ ചെലവ്) | 1,80,962 |
| സംയുക്തപ്രോജക്റ്റ് (ഗ്രാമപഞ്ചായത്ത്,റവന്യൂ ചെലവ്) | 20,05,250 |
| സംയുക്തപ്രോജക്റ്റ് (ജില്ലാപഞ്ചായത്ത്,റവന്യൂ ചെലവ്) | 46,93,146 |
| പ്രത്യേകഉദ്ദേശ്യം(ഗ്രാമപഞ്ചായത്ത്,റവന്യൂ ചെലവ് | 2,00,000 |
| ഗുണഭോക്തൃവിഹിതം | 1,66,377 |
| നിർമ്മൽ പുരസ്കാരം | 2,83,456 |
| ആകെ | 1,27,15,745 |

മേൽ തുകകളിൽ പദ്ധതി നിർവഹണം പൂർത്തിയായതിന് ശേഷം ബാക്കി വന്ന തുകകൾ ആയത് ലഭ്യമാക്കിയ ഏജൻസികൾക്ക് തിരിച്ചു നൽകേണ്ടതാണ്.

## **3-13** <u>വാഹനങ്ങളുടെ ഉപയോഗം-നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച.</u>

വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച സർക്കാരിന്റെ 30.06.2007ലെ ജി.ഒ(എം എസ്)/170/07 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1 ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ അപാകങ്ങൾ

A.പ്രസിഡന്റിന്റെ വാഹനം - KL 13 Y 2342

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. 2015 ഫെബ്രുവരി മാസം മുതൽ ഒക്ടോബർ മാസം വരെ മാത്രമേ അബ്സ്ട്രാക്ട് എഴുതി സൂക്ഷിച്ചിട്ടുള്ളൂ. ആ കാലയളവിൽ എഴുതിയ അബ്സ്ട്രാക്ടിൽ കാണിച്ചിരിക്കുന്ന വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ മാസാന്ത്യ നീക്കിയിരിപ്പ് (ലിറ്ററിൽ) സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫെബ്രുവരി - 240

മാർച്ച് - 210

ഏപ്രിൽ - 234

മെയ് - 257

ജൂൺ - 262

ജൂലൈ - 276

ആഗസ്റ്റ് - 266

സെപ്റ്റംബർ - 255

ഒക്ടോബർ - 266

പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ നീക്കിയിരിപ്പ് കപ്പാസിറ്റി 55ലിറ്റർ ആണെന്നിരിക്കെ മേൽ കാണിച്ചിരിക്കുന്ന മാസാന്ത്യ നീക്കിയിരിപ്പ് തെറ്റായാണ് എഴുതിയിട്ടുള്ളത്.യാതൊരു ആധികാരികതയുമില്ലാതെയാണ് ലോഗ് ബുക്കിൽ മാസാന്ത്യ നീക്കിയിരിപ്പ് രേഖപ്പെടുത്തുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

17.5.16 ന് ശേഷം വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ യാത്ര സംബന്ധിച്ചുള്ള വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 25.02.17 വരെ മാത്രമാണ് ലോഗ് ബുക്ക് എഴുതിയിട്ടുള്ളത്.ലോഗ് ബുക്ക് യഥാസമയം എഴുതി സാക്ഷ്യപ്പെടുത്താത്തത് യുക്തമായ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

B. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ വാഹനം KL-13 AC-1732

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ പാപ്പിനിശ്ശേരി, പുഴാതി, ചിറക്കൽ എന്നീ പഞ്ചായത്തുകളിൽ 11.12.15, 14.12.15, 15.12.15 എന്നീ തീയ്യതികളിൽ യാത്ര നടത്തിയതിന്റെ ഉദ്ദേശ്യം ലോഗ് ബുക്കിൽ വ്യക്തമായിട്ടില്ല.

25.05.16, 31.05.16 എന്നീ തീയ്യതികളിൽ ലോഗ് ബുക്കിൽ എഴുതിയിട്ടുണ്ടെങ്കിലും യാത്ര സംബന്ധിച്ച ബാക്കി വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

ലോഗ് ബുക്ക് യഥാസമയം എഴുതി സൂക്ഷിക്കുന്നില്ല. യാത്ര നടത്തി മാസങ്ങൾക്ക് ശേഷമാണ് ലോഗ് ബുക്ക് എഴുതുന്നത്.

2. വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് അപാകങ്ങൾ

പ്രസിഡന്റിന്റെയും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെയും വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. മൈലേജ് ടെസ്റ്റ് നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-14** <u>പാലിയേറ്റീവ് കെയർ പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ -</u>

**ചെലവുരേഖകൾ ലഭ്യമാക്കിയില്ല – ചെലവുതുക 100000/- തടസ്സപ്പെടുത്തുന്നു.**

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി,

പ്രോജക്ട് 51/16, പാലിയേറ്റീവ് കെയർ പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ

അടങ്കൽ - 1 ലക്ഷം(വി.ഫ)

ചെലവ് - 1 ലക്ഷം(ബിൽ 28/15-16,30-3-16)

മേൽ പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ മെഡിക്കൽ ഓഫീസർ, പുഴാതി പിഎച്ച്സിക്ക് നൽകിയിട്ടുണ്ട്.തുക കൈപ്പറ്റിയതിനുള്ള രേഖകൾ, തുകയുടെ ചെലവു വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 1,00,000/- തടസ്സപ്പെടുത്തുന്നു.

## 3-15 പ്രോജക്ടുകൾ തയ്യാറാക്കൽ– മുൻഗണനമാനദണ്ഡം പാലിച്ചില്ല.

ജിഒ(പി)362/2013, തീയതി 16-11-13 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ ഉത്പാദനമേഖലയുടെ സ്ഥായിയായ വളർച്ചക്കായിരിക്കണം മുൻഗണന നൽകേണ്ടത് എന്നും, ഭക്ഷ്യവിളകൾ,പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും, ഉത്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഈ നിർദ്ദേശം പാലിച്ചിട്ടില്ല. മൃഗസംരക്ഷണം/ക്ഷീരവികസനം (ചെലവ് 3 ലക്ഷം) കൃഷി (ചെലവ് 2.12 ലക്ഷം) എന്നീ മേഖലകളിൽ ഓരോ പ്രോജക്ട് വീതം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

## 3-16 വിവിധ പദ്ധതികൾ - ഗുണഭോക്തൃതെരഞ്ഞെടുപ്പ് ക്രമപ്രകാരമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ,

പട്ടികജാതി വികസന ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി 2015-16 വർഷത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ്/ബിൽ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 96/16, പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000(എസ് സിപി) | 3,00,000 (8/15-16,29-3-16) | അഴീക്കോട്-4<br>ചിറക്കൽ-3<br>വളപട്ടണം-1<br>പാപ്പിനിശ്ശേരി-1 |

| | | | |
|---|---|---|---|
| 95/16, പ്ലസ്2,ഡിഗ്രി തലങ്ങളിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ | 200000(എസ് സിപി) | 200000(/15-16,29-3-16) | അഴീക്കോട്-29<br>ചിറക്കൽ-8<br>വളപട്ടണം-2<br>പാപ്പിനിശ്ശേരി-11 |

ജിഒ(പി)220/97/തസ്വഭവ തീയതി 2-10-97 പ്രകാരമുള്ള ഗുണഭോക്തൃതെരഞ്ഞെടുപ്പ് മാർഗരേഖ അനുസരിച്ച് ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമസഭകൾ വഴിയാണ്. അതത് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരഞ്ഞെടുപ്പ് നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക്/ ജില്ലാപഞ്ചായത്തിന് നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ

മേൽപ്പറഞ്ഞ 2 പ്രോജക്ടുകളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് പത്രപ്പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ചുകൊണ്ടാണ്.പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയതിനുശേഷം ഗ്രാമസഭാ അംഗീകാരത്തിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ അയച്ചുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്.ഇതിൽ അഴീക്കോട്,ചിറക്കൽ ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതായി അറിയിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട തീരുമാനത്തിന്റെ പകർപ്പ് നൽകിയിട്ടില്ല.മറ്റ് പഞ്ചായത്തുകൾ ഒന്നും തന്നെ ഗുണഭോക്താക്കളുടെ ലിസ്റ്റിന് അംഗീകാരം നൽകിയതായി അറിയിച്ചിട്ടില്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ ചെലവുതുക 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി തൃപ്തികരമല്ല. സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 അംഗപരിമിതർക്കുള്ള മുച്ചക്രവാഹനം നൽകൽ - നടപടിക്രമങ്ങൾ പാലിച്ചില്ല - ചെലവുതുക 5,56,000/- തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - ശിശുവികസന പദ്ധതി ഓഫീസർ,

പ്രോജക്റ്റ് നമ്പർ 57/16, അംഗപരിമിതർക്കുള്ള മുച്ചക്രവാഹനം -

അടങ്കൽ - 5,56,000(വി.ഫ)

ചെലവ് - 5,56,000(ബിൽ 1/15-16,11-2-16,347500/-,

(ബിൽ 3/15-16,21-3-16,208500/-)

മേൽ പദ്ധതി പ്രകാരം 8 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1)ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങൾ

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതിക്കുവേണ്ടി ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി തെരഞ്ഞെടുത്തതിന്റെ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)ജി.ഒ(പി) 362/2013 തീയതി 16-11-13 പ്രകാരമുള്ള സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ ഖണ്ഡിക7-1അനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയുള്ള തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി വകയിരുത്താവുന്നതാണ്. എന്നാൽ പ്രോജക്റ്റ് നിർവഹണം നടത്തേണ്ടത് ഗ്രാമപഞ്ചായത്തായിരിക്കണം എന്നും, ഈ മാർഗരേഖ പ്രകാരമോ സബ്സിഡി മാർഗരേഖ പ്രകാരമോ പ്രത്യേകം അനുവദിച്ചിട്ടുള്ളതൊഴികെ വ്യക്തികൾക്കും, കുടുംബങ്ങൾക്കും വസ്തുക്കളോ, ആസ്തികളോ ധനസഹായമോ നൽകുന്നതിനുള്ള പ്രോജക്റ്റുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയിനുള്ള കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവുതുക 5,56,000/- തടസ്സപ്പെടുത്തുന്നു.

## 3-18 ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല - ചെലവുതുക 1199000/- തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥ - ശിശുവികസന പദ്ധതി ഓഫീസർ

പ്രോജക്റ്റ് നമ്പർ 26/16, ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ

അടങ്കൽ - 12,00,000(വി.ഫ)

ചെലവ് - 11,99,000(ബിൽ 2/15-16,15-3-16)

മേൽ പദ്ധതിക്ക് വേണ്ടി താഴെക്കാണിച്ച പ്രകാരം തുക വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

| തുക കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക | ഡിഡി നമ്പർ/തീയതി |
|---|---:|---|
| പാപ്പിനിശ്ശേരി | 2,09,275 | 267676/24-3-16 |
| അഴീക്കോട് | 2,38,500 | 267673/24-3-16 |
| വളപട്ടണം | 48,175 | 267675/24-3-16 |

| | | |
|---|---|---|
| ചിറക്കൽ | 1,51,925 | 267674/24-3-16 |
| പുഴാതി | 3,51,125 | 267678/24-3-16 |
| പള്ളിക്കുന്ന് | 2,00,000 | 267677/24-3-16 |

മേൽ തുകകൾ വിനിയോഗിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ജി.ഒ(പി) 362/2013 തീയതി 16-11-13 പ്രകാരമുള്ള പദ്ധതി മാർഗരേഖ അനുസരിച്ച് സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ ഡിസംബർ 31 നകം കൈമാറിയിരിക്കണം എന്നും, അതേ വർഷം ഫെബ്രുവരി മാസത്തിനകം ചെലവഴിച്ചിരിക്കണം എന്നും അല്ലാത്ത പക്ഷം തുക തിരിച്ചടക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ തുക കൈമാറിയിരിക്കുന്നത് 3/2016 മാസത്തിൽ മാത്രമാണ്. തുക കൈമാറുന്ന കാര്യത്തിലും വിനിയോഗിക്കുന്ന കാര്യത്തിലും മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

## 3-19 പച്ചക്കറി വിത്ത് ,പച്ചക്കറി തൈ വിതരണ രേഖകൾ ഹാജരാക്കിയില്ല 15000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ : കൃഷി അസിസ്റ്റൻറ് ഡയറക്ടർ

പ്രോജക്ടിന്റെ പേര് : ഗ്രൂപ്പുകൾക്ക് ജൈവ പച്ചക്കറി കൃഷിയും വിപണന സംവിധാനവും

പ്രോജക്ട് നമ്പർ : 93/16

അടങ്കൽ : 2,12,750(പൊതു)

2,26,650 (മറ്റുള്ളവ)

ചെലവ് : 2,12,750(പൊതു)

ബിൽ നം/ തീയതി : KI/15-16, 31.3.16

കൃഷി അസിസ്റ്റൻറ് ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി നടത്തിയ'ഗ്രൂപ്പുകൾക്ക് ജൈവ പച്ചക്കറി കൃഷിയും വിപണന സംവിധാനവും' എന്ന പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പച്ചക്കറി വിത്ത്, പച്ചക്കറി തൈ, മുളക് തൈ എന്നിവ കുത്ത് പറമ്പ് ബ്ലോക്ക് തല ഹൈ ടെക്ക് നേഴ്സറിയിൽ നിന്നും വാങ്ങിയതിന്റെ രേഖകൾ ഉണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററും, ഇവ വിതരണം നടത്തിയതിന്റെ രസീത് ബുക്കും, കളക്ഷൻ രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതി മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കാത്തതിനാൽ പദ്ധതികൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ പച്ചക്കറി വിത്ത്, പച്ചക്കറി തൈ എന്നിവ വാങ്ങിയതിന്റെ 15,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-20 ആസ്പത്രി മാനേജിംഗ് കമ്മറ്റി കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ചകൾ:

(മെഡിക്കൽ ഓഫീസർ,സിഎച്ച്സി പാപ്പിനിശ്ശേരി,അഴീക്കോട്)

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള

മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം മാനേജിംഗ് കമ്മറ്റി നിലവിൽ വന്നു കഴിഞ്ഞാൽ അതിന്റെ ആദ്യയോഗം ഒരു മാസത്തിനകവും,തുടർന്നുള്ള യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കലും ചേരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 9 പ്രകാരം വാർഷിക കണക്കുകൾ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്.കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പാപ്പിനിശ്ശേരി,അഴീക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ മാനേജിംഗ് കമ്മറ്റി യുടെ വാർഷികകണക്കുകൾ തയ്യാറാക്കി ഇതുവരെയും (2004-05 മുതലുള്ളത്) ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വാർഷികകണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കാത്തതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-21 ഭൂസ്വത്തുകളുടെ പരിപാലനത്തിൽ വീഴ്ചകൾ:നികുതി ഒടുക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങൾക്ക് ഭൂനികുതി ഒടുക്കിയതായി കാണുന്നില്ല.ഏറ്റവും ഒടുവിൽ ഭൂനികുതി ഒടുക്കിയത് സംബന്ധിച്ച വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ സ്ഥലങ്ങൾക്കും ഭൂനികുതി അടക്കുന്നതിനും സ്ഥലം സംരക്ഷിക്കുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | 2015-16 | 2,00,000 | 2,00,000 | പള്ളിക്കുന്ന് ഗ്രാമപഞ്ചാത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണം | 2,00,000 | 0 |
| വളപട്ടണം ഗ്രാമപഞ്ചാത്ത് | 2015-16 | 4,00,000 | 40,000 | പാലോട്ട് വയൽ തോട് സംരക്ഷണം | 4,00,000 | 0 |
| ചിറക്കൽ ഗ്രാമപഞ്ചായത്ത് | 2015-16 | 5,00,000 | 5,00,000 | പാലോട്ട് വയൽ തോട് സംരക്ഷണം | 5,00,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ഗ്രാമപഞ്ചാത്തുകൾ (6എണ്ണം) | 2015-16 | 45,60,000 | 5,16,97,760 | ഐ എ വൈ ഭവനനിർമ്മാണം | 26,54,750 | 25,15,010 |
| ജില്ലാ പഞ്ചായത്ത്,കണ്ണൂർ | 2015-16 | 96,54,396 | 1,21,91,528 | ഐ എ വൈ ഭവനനിർമ്മാണം | 1,04,43,646 | 17,47,882 |

കുറിപ്പ് : ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഇല്ല. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിൽ നൽകിയ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവു വന്ന തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | മുതൽ | പലിശ |
| | ഐ എ വൈ വീടിന് ധനസഹായം | ലഭ്യമാക്കിയില്ല | 15,50,000 | 15,50,000 | 1,550,000 | 3,58,814 | 0 | 0 |

കുറിപ്പ്: ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.വായ്പ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2012-13,2013-14 | 3-9 | 2,437 | അബ്ദുൾ ഗഫൂർ,ജിഇഒ | 450100101/09-03-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,58,87,150 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,00,99,239 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,994 (7,854+1,140) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 73,70,443 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-5 | | 7,854 | മനോജ്കുമാർ അക്കോട്ടില്ലം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 24,99,443 | ബിജോയ്.കെ.എൻ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | 20,45,000 | മനോജ്കുമാർ അക്കോട്ടില്ലം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-11 | 4,56,000 | ശ്രീമതി ടൈനി സൂസൺ ജോൺ,സെക്രട്ടറി-1,28,000<br>ശ്രീ രാകേഷ്.എ ടി,സെക്രട്ടറി-3,28,000 |
| 3-14 | 1,00,000 | ശ്രീ.രാകേഷ്.എ ടി,സെക്രട്ടറി |
| 3-16 | 5,00,000 | ശ്രീമതി വിമല സി,പട്ടികജാതി വികസന ഓഫീസർ |
| 3-17 | 5,56,000 | ശ്രീമതി സുധ എം,സിഡിപിഒ |
| 3-18 | 11,99,000 | ശ്രീമതി സുധ എം,സിഡിപിഒ |
| 3-19 | 15,000 | സിന്ധു എൻ പണിക്കർ, അസിസ്റ്റന്റ് ഡയരക്ടർ<br>ഓഫ് അഗ്രികൾച്ചർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,140 | മനോജ്കുമാർ അക്കോട്ടില്ലം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/ നഷ്ടത്തിനുത്തരവാദികളായവരുടെ ഔദ്യോഗിക മേൽവിലാസവും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വിമല സി.<br>(പട്ടികജാതി വികസന ഓഫീസർ) | പട്ടിക ജാതി വികസന ഓഫീസർ ഗ്രേഡ്-2,കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | പാലയാടൻ ഹൗസ്,<br>അഴീക്കോട്.പി.ഒ.,അഴീക്കോട് |
| ശ്രീ.ബിജോയ്.കെ.എൻ<br>(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - എൽ എസ് ജിഡി സബ് ഡിവിഷൻ,തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | നന്ദനം, ഇ എം എസ് കോളനി, ചിറക്കൽ(പി.ഒ),കണ്ണൂർ |
| ശ്രീ.മനോജ്കുമാർ അക്കോട്ടില്ലം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - എൽ എസ് ജിഡി സബ് ഡിവിഷൻ,എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | ഹരിതം,പാവന്നൂർമൊട്ട (പി.ഒ),മയ്യിൽ(വഴി),കണ്ണൂർ |
| ശ്രീമതി.സുധ.എം<br>(ശിശുവികസന പ്രോജക്ട് ഓഫീസർ) | ശിശുവികസന പ്രോജക്ട് ഓഫീസർ<br>ഐ സി ഡി എസ് കണ്ണൂർ റൂറൽ<br>(അധിക ചുമതല) | ആതിര, പള്ളിക്കുന്ന്(പി. ഒ) കണ്ണൂർ |

| | | |
|---|---|---|
| ടൈനി സൂസൻ ജോൺ (സെക്രട്ടറി) | അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ (ആലപ്പുഴ) | പുത്തൻ പറമ്പിൽ ടൈനി ഭവൻ ചിങ്ങവനം (പി ഒ) കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(1) തീയ്യതി:11-3-2013 | 2 |
| 2001-02 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(2) തീയ്യതി:11-3-2013 | 2 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(3) തീയ്യതി:19-11-2012 | 3 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(4) തീയ്യതി:15-3-2013 | 5 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(5) തീയ്യതി:15-3-2013 | 9 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(6) തീയ്യതി:15-3-2013 | 10 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(7) തീയ്യതി:15-3-2013 | 5 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ./ഡി.1 /1445/2012(8) തീയ്യതി:15-3-2013 | 3 |
| 2009-10,2010-11,2011-12 | എൽ.എഫ്.കെ.എൻ.ആർ./ഡി1 /97/2013 തീയ്യതി:12-12-2014 | 25 |
| 2012-13, 2013-14, | എൽ.എഫ്/കെ.എൻ.ആർ/ഡി1/874/15 തീയ്യതി:16.7.15 | 16 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ /ഡി1/1639/16 തീയ്യതി:05.10.2016 | 18 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ

പി.പി.യു

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്-2015-16

നം: കെ.എസ്.എ/കെ.എൻ.ആർ/സി.5-387 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.

ഫോൺ: 0497 2707698.

ഇ-മെയിൽ:doknr.ksad@kerala.gov.in

തീയ്യതി: 24-03-2017.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

# AUDIT CERTIFICATE-2015-16

No.KSA/KNR/C5-387 /2017

Kerala State Audit Department
District Audit Office, Kannur-670 001
Phone: 0497 2707698
e-Mail:doknr.ksad@kerala.gov.in
Dt: 24-03-2017.

Certified that I have audited the annual Financial Statement of KANNUR Block Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of KANNUR Block Panchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Senior Deputy Director

## അനുബന്ധം-2

# BALANCE SHEET OF kANNUR BLOCK

# PANCHAYATH AS ON 31-3-2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 98,38,624 |
| 312000000 | Reserves | B-3 | 1,08,98,982 |
| | Total Reserve & Surplus | | 2,07,37,606 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1,27,15,745 |
| | Total Grants,Contribution for specific purposes | | 1,27,15,745 |
| 330000000 | Loans<br>secured Loans | B-5 | 0 |
| | Total Loans | | 0 |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 5,32,566 |
| 350000000 | Other Liabilities | B-9 | 88,97,472 |
| | Total Current Liabilities and Provisions | | 94,30,038 |
| | TOTAL LIABILITIES | | 4,28,83,389 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2,65,35,310 |
| 411000000 | Accumulated Depreciation | B-11 | -21,08,704 |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 2,44,26,606 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 48,000 |
| 450000000 | Cash and Bank balance | B-17 | 1,70,18,689 |
| 460000000 | Loans, Advances and Deposits | B-18 | 13,90,094 |

| | | | |
|---|---|---|---|
| | Total Current Assets,Loans and Advances | | 1,84,56,783 |
| | TOTAL ASSETS | | 4,28,83,389 |

Senior Deputy Director

## അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OFKANNUR BLOCK PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 130000000 | Rental incoome from Panchayat Properties | I-3 | 3,51,415 |
| 140000000 | Fees & User Charges | I-4(b) | 27,179 |
| 150000000 | Sale & Hire Charges | I-5(b) | 30,893 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 6,31,70,957 |
| 171000000 | Interest Earned | I-8 | 2,94,039 |
| | | I-9 | 3,652 |
| A | Total Income | | 6,38,78,135 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9,92,959 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 10,92,600 |
| 230000000 | Operations & Maintenance | I-12(b) | 11,30,209 |
| 240000000 | Interest & Finance Charges | I-13 | 3,79,764 |
| 250000000 | Decentralised Plan Programme Productive Sector | I-14 | 18,69,705 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 4,51,69,071 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 48,06,953 |
| | | I-14(c) | 46,951 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 8,71,000 |
| 255000000 | Maintance Projects | I-14(e) | 38,76,196 |
| | | I-15(a) | 27,200 |
| 272000000 | Depreciation | I-17(a) | 11,17,862 |
| B | Total Expenditure | | 6,13,80,110 |
| C=A-B | Gross Surplus / Defict Income over Expenditure | | 24,98,025 |
| D= 280000000 | Prior Period Item | I-18 | -(8,61,429) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 33,59,454 |

| | | | |
|---|---|---|---|
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

Senior Deputy Director

<u>**അനുബന്ധം-4**</u>

# RECEIPT AND PAYMENT STATEMENT OF KANNUR BLOCK PANCHAYATH FOR THE PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 3,12,29,878<br>900 |
| | Receipts | | |
| 130000000 | Rental incoome from Panchayat Properties | RP-3 | 19,647 |
| 140000000 | Fees & User Charges | RP-4 | 27,179 |
| 150000000 | Sale & Hire Charges | RP-5 | 30,893 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39,06,740 |
| 171000000 | Interest Earned | RP-9 | 2,94,039 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5,57,44,951 |
| 350000000 | Other Liabilities | RP-36 | 4,000 |
| | | RP-10 | 3,652 |
| Non Operating | | | |
| 340000000 | Deposits Received | RP-34 | 3,70,736 |
| 350000000 | Other Liabilities | RP-36 | 51,26,650 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 3,58,663 |
| Grand Total | | | 9,71,17,928 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 9,92,959 |
| 220000000 | Administrative Expenses | RP-12 | 10,92,600 |
| 230000000 | Operations & Maintenance | RP-13 | 10,57,782 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3,55,173 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 4,34,89,478 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 29,65,795 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 8,71,000 |
| 255000000 | Maintance Projects | RP-20 | 38,76,196 |
| | | RP-21 | 27,200 |
| 256000000 | Prior period Item | RP-26 | 41,250 |
| | | RP-31 | 42,72,719 |
| 350000000 | Other Liabilities | RP-36 | 3,32,000 |
| Non Operating | | | |
| 240000000 Inerest and Finance charges | | Rp-14 | 3,79,764 |
| 312000000 | Reserves | RP-32 | 15,50,000 |
| 330000000 | Secured Loans | RP-34 | 2,69,948 |
| 350000000 | Other Liabilities | RP-36 | 31,41,303 |
| 410000000 | Fixed Assets | RP-38 | 1,24,07,296 |
| 412000000 | Capital Work in Progress | RP-40 | 29,13,585 |
| 460000000 | Loans, Advances and Deposits | RP-47 | 16,600 |
| | Closing Balance | | |
| | Bank | RP-40(b) | 1,70,18,369 |
| | Cash | RP-40(b) | 320 |

| | | |
|---|---|---|
| Grand Total | | 9,71,17,928 |

Senior Deputy Director